(സി) കുളങ്ങളുടെ സംരക്ഷണം സംബന്ധിച്ച് പുതിയ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. 2015-16 ബഡ്ജറ്റിൽ ഈയിനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

വാസസ്ഥലത്ത് കുടിവെള്ളത്തിനായുള്ള കഴൽ കിണർ

215 (880) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തം വാസസ്ഥലത്ത് കുടിവെള്ളത്തിനായി കഴൽ കിണർ കുഴിക്കുന്നതിന് സർക്കാരിൽനിന്നും എന്തെങ്കിലും അനുമതി ആവശ്യമാണോ ; ആവശ്യമെങ്കിൽ ഇതിനെക്കുറിച്ച് വിശദമാക്കുമോ ;

(ബി) വീടുകളിലെ കുടിവെള്ളത്തിനായി കഴൽ കിണർ നിർമ്മിക്കുന്നതിനായി ഭൂജല വകുപ്പിൽനിന്നും കഴൽ കിണർ നിർമ്മിച്ചുകിട്ടുവാൻ പദ്ധതിയുണ്ടോ ;

(സി) വീടുകളിൽ കുഴൽ കിണർ കുഴിക്കുമ്പോൾ വെള്ളം ഉണ്ടെന്ന് ഉറപ്പ് വരുത്തുവാൻ ഭൂജല വകുപ്പിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 പ്രകാരം സർക്കാർ വിജ്ഞാപനം ചെയ്യപ്പെട്ട ഒരു പ്രദേശത്ത് ഒരു വ്യക്തി ഏതെങ്കിലും തരത്തിലുള്ള കിണർ നിർമ്മാണം നടത്തുകയോ നിലവിലുള്ള കിണർ പരിവർത്തനം ചെയ്യുകയോ ചെയ്യുന്നുവെങ്കിൽ ആ പ്രവർത്തനത്തിനുമുമ്പ് ഭൂജല അതോറിറ്റിയുടെ മുൻകൂർ അനുമതി (പെർമിറ്റ്) നേടേണ്ടതാണ്. താഴെപ്പറയുന്ന ബ്ലോക്കുകൾ ഇതിലേക്കായി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുണ്ട്.

അതിയന്നൂർ-തിരുവനന്തപുരം

ചിറ്റൂർ-പാലക്കാട്

കോഴിക്കോട്-കോഴിക്കോട്

കാസർഗോഡ്-കാസർഗോഡ്

സംസ്ഥാനത്തെ മറ്റ് പ്രദേശങ്ങളിൽ പെർമിറ്റ് നേടേണ്ടതില്ല. എന്നാൽ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം കിണർ നിർമ്മാണത്തിന്

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അധികാരികളിൽനിന്നും പെർമിറ്റ് വാങ്ങേണ്ടതുണ്ട്. ഇതിനായി ഭൂജല വകുപ്പിന്റെ ഫീസിബിലിറ്റി റിപ്പോർട്ട് പഞ്ചായത്ത്-മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിക്ക് ഹാജരാക്കേണ്ടതാണ്.

(ബി) ഗാർഹിക ആവശ്യത്തിനായി വ്യക്തികൾക്ക് വകുപ്പിൽനിന്നും കുഴൽ കിണർ നിർമ്മിച്ചു നൽകുന്നുണ്ട്.

(സി) ഉണ്ട്. ഭൂജല വകുപ്പ് ശാസ്ത്രീയമായ ഭൂജല പര്യവേക്ഷണത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാന നിർണ്ണയം നടത്തുന്നുണ്ട്. പ്രസ്തുത സേവനത്തിനായി വ്യക്തികൾക്ക് ഭൂജല വകുപ്പിന്റെ വിവിധ ജില്ലാ ഓഫീസുകളെ സമീപിക്കാവുന്നതാണ്.

കായംകുളം മണ്ഡലത്തിലെ കട്ടനാട് പാക്കേജ് പ്രവൃത്തി

216 (881) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിൽ കട്ടനാട് പാക്കേജിൽ നിർദ്ദേശിച്ചിരുന്നതും കേന്ദ്ര സർക്കാരിന്റെ ഫ്ളഡ് മാനേജ്മെന്റ് പ്രോഗ്രാമിന്റെ പരിധിയിൽ വരുന്നതുമായ പദ്ധതികളുടെ നിലവിലുള്ള പ്രവർത്തന പുരോഗതി വിശദമാക്കാമോ ;

(ബി) ഓണാട്ടുകര പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും പ്രവൃത്തികൾ ടെൻഡർ ചെയ്യാനുണ്ടോ ;

(സി) എങ്കിൽ കാലതാമസം ഒഴിവാക്കി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്. കരിപ്പുഴ വാട്ടർഷെഡിൽ ഉൾപ്പെട്ട-പാർട്ട് 10 കരിപ്പുഴ തോടിനു കുറുകെയുള്ള റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം

(സി) ടി പ്രവൃത്തിയുടെ ഡിസൈൻ അംഗീകരിച്ചുകിട്ടുന്ന മുറയ്ക്ക് ടെണ്ടർ നടപടി സ്വീകരിക്കുവാൻ കഴിയുന്നതാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly